05-11-2022

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/11/2022.

1. കേരള സന്ദർശനത്തിന്റെ ഭാഗമായി വിയറ്റ്നാമിലെ ബെൻ ട്രെ പ്രൊവിൻസിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരും, ബിസിനസ് മേഖലയിൽ നിന്നുള്ളവരും ഉൾപ്പെടുന്ന പതിനഞ്ച് അംഗ സംഘം സംസ്ഥാന കൃഷിമന്ത്രിയുമായും കൃഷി വകുപ്പ് ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തി. കേരളത്തിലെ കാർഷിക മേഖലയെ കുറിച്ചും, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉള്ള സഹകരണ സാധ്യതകളെ പറ്റി പഠിക്കാനുമാണ് സംഘം എത്തിയത്. കേരളത്തെ പോലെ തന്നെ നെല്ല്, കുരുമുളക്, റബ്ബർ, കാപ്പി, കശുമാവ് എന്നിങ്ങനെയുള്ള വിളകളാണ് വിയറ്റ്നാമിലും കൃഷി ചെയ്യുന്നത്. അതുകൊണ്ട് തന്നെ കാർഷിക മേഖലയിൽ സഹകരണത്തിനുള്ള സാദ്ധ്യതകൾ നിരവധിയാണ്. കയർ ഉത്പന്നങ്ങളെ കുറിച്ചും കയറ്റുമതി സാധ്യതകളെക്കുറിച്ചും സംഘം വിശദമായിപഠനം നടത്തുകയുണ്ടായി.

2. സംസ്ഥാന വിള ഇൻഷുറൻസ് പ്രമീയം ഇനി മുതൽ കർഷകർക്ക് ഓൺലൈനായി അടയ്ക്കാം. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ AIMS പോർട്ടൽ ( www.aims.kerala. gov.in) വഴിയാണ് ഓൺലൈനായി പ്രീമിയം തുക അടയ്ക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കിയിട്ടുള്ളത്. ഡെബിറ്റ് /ക്രെഡിറ്റ് കാർഡുകൾ വഴിയോ ഇന്റർനെറ്റ് ബാങ്കിംഗ് വഴിയോ, UPI സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയോ പ്രീമിയം തുക അടക്കുവാൻ കഴിയും. ഇതിനായി സംസ്ഥാന ട്രഷറി വകുപ്പിന്റെ സൗകര്യങ്ങളാണ് പോർട്ടലിൽ ബന്ധിപ്പിച്ചിരിക്കുന്നത്. AIMS പോർട്ടലിൽ അപേക്ഷ സമർപ്പിച്ച കർഷകരുടെ ലോഗിനിൽ തന്നെയാണ് പുതിയ സൗകര്യവും തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷാ സമർപ്പിച്ച് പത്ത് ദിവസത്തിനുള്ളിൽ പരിശോധന പൂർത്തിയാക്കി കർഷകർക്ക് തുക അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാകും. തുക അടച്ച ഉടൻതന്നെ പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ ഓൺലൈനായി കർഷകന് ലഭിക്കും. പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ പിന്നീട് എപ്പോൾ വേണമെങ്കിലും കർഷകന് സ്വന്തം ലോഗിനിൽ നിന്ന് പ്രിന്റ് എടുക്കുവാനും സാധിക്കും. തുക അടച്ച് ഏഴു ദിവസത്തിന് ശേഷം സംഭവിക്കുന്ന വിള നാശങ്ങൾക്ക് നഷ്ടപരിഹാരത്തിനായി കർഷകർക്ക് ഇതേ പോർട്ടൽ വഴി അപേക്ഷിക്കുവാൻ കഴിയും. പ്രകൃതിക്ഷോഭത്തിലുണ്ടായ വിളനാശം, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഉണ്ടായ വിളനാശം, നെൽകൃഷിയുടെ രോഗ കീടബാധ കാരണമുള്ള വിളനാശം എന്നിവയ്ക്കാണ് നഷ്ടപരിഹാരത്തിനുള്ള

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷ സമർപ്പിക്കേണ്ടത്. വിളനാശം ഉണ്ടായി 15 ദിവസങ്ങൾക്കുള്ളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 27 വിളകൾക്കാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ (KCAET) ബിടെക് അഗ്രികൾച്ചറൽ എൻജിനീയറിങ്, ബിടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകളിലെ ഒഴിവുകൾ വന്നിട്ടുള്ള സീറ്റുകളിലേക്കും പിന്നീട് ഒഴിവു വരാവുന്നതുമായ സീറ്റുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്താൻ തീരുമാനിച്ചിരിക്കുന്നു. കീം (KEAM) റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലും കമ്മ്യൂണിറ്റി റിസർവേഷൻ പാലിച്ചുകൊണ്ടും ആയിരിക്കും അഡ്മിഷൻ നടത്തുക. താൽപര്യമുള്ള വിദ്യാർത്ഥികൾ എല്ലാ രേഖകളും സഹിതം മലപ്പുറം ജില്ലയിലെ തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ ഈ മാസം 07-ന് (07.11.22ന്) രാവിലെ 11 മണിക്ക് മുമ്പായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kcaet.kau.in, www.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

## പരിശീലന പരിപാടികൾ

1. ഉത്തര മേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം നവംബർ 14 മുതൽ 19 വരെ **'ജൈവ കൃഷിക്കൊരു ആമുഖം'** എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കമ്പോസ്റ്റ് നിർമ്മാണം, ജൈവ കൃഷിയുടെ വാണിജ്യ സാധ്യതകൾ, ഓർഗാനിക് സർട്ടിഫിക്കേഷൻ നടപടിക്രമങ്ങൾ തുടങ്ങിയ പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഈ പ്രായോഗിക പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9633406694** എന്ന ഫോൺ നമ്പറിൽ വിളിച്ച് നവംബർ 11 -നു 4 മണിക്ക് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2010 രൂപയാണ് ഒരാൾക്ക് ഫീസ്.

2. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഈ മാസം 8,9 തീയതികളിൽ പശുവളർത്തൽ, 15,16 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 23-ന് ഇറച്ചിക്കോഴി വളർത്തൽ** എന്നീ വിഷയങ്ങളിൽ **ക്ലാസ്സ് റൂം പരിശീലനവും 29-ന് ടർക്കി വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**പരിശീലനവും** സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **04829 234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. പത്തനംതിട്ട ജില്ലയിലെ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ ഈ മാസം 7,8 തീയതികളിൽ (07/11/22 മുതൽ 08/11/22) രണ്ടു ദിവസത്തെ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04734-299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, വാട്ട്സാപ്പ് സന്ദേശം ചെയ്തോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

**4. പക്ഷിപ്പനി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- പക്ഷികളിൽ അസാധാരണ മരണനിരക്ക് കണ്ടാൽ അടുത്തുള്ള മൃഗാശുപത്രിയെ അറിയിക്കേണ്ടതാണ്.
- പക്ഷിപ്പനിയുടെ വൈറസുകൾ 60 ഡിഗ്രി സെൽഷ്യസിൽ ചൂടാക്കുമ്പോൾ നശിക്കും. അതിനാൽ ഇറച്ചി, മുട്ട നന്നായി വേവിച്ചു മാത്രം ഭക്ഷിക്കുക.
- ഇറച്ചിയും മുട്ടയും കൈകാര്യം ചെയ്തു കഴിഞ്ഞാൽ കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകണം.
- രോഗാണുബാധയുള്ള പ്രദേശങ്ങളിലെ പക്ഷികളെ കൈകാര്യം ചെയ്യുമ്പോൾ വ്യക്തി സുരക്ഷാ ഉപാധികളായ മാസ്കും കൈയുറയും ധരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക.
- 2% സോഡിയം ഹൈഡ്രോക്സൈഡ് ലായനി, പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി, കുമ്മായം എന്നിവ അണുനശീകരണത്തിനായി ഉപയോഗിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം